**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക്ക് വിഭാഗം**

---

**നമ്പർ. അക്കാഡ്/SWC/6734/2020** **തീയതി: 24.12.2020**

**<u>സർക്കുലർ</u>**

വിഷയം:- കണ്ണൂർ സർവ്വകലാശാല - ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിൽ 2020-21 അധ്യയന വർഷത്തിൽ തുടങ്ങുന്നതിന് അനുമതി ലഭിച്ച ബിരുദ, ബിരുദാനന്തര ബിരുദ ന്യൂ ജനറേഷൻ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനനടപടിക്രമങ്ങൾ സംബന്ധിച്ച്.

സൂചന :- 1. 23.12.2020 തീയതിയിലെ Acad.A3/389/New Courses/2020-21 നമ്പർ ഉത്തരവ്

മേൽ സൂചന പ്രകാരം, ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിൽ 2020-21 അധ്യയന വർഷത്തിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ബിരുദ, ബിരുദാനന്തര ബിരുദ ന്യൂ ജനറേഷൻ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സർവകലാശാല വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പൊതു നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1.പ്രസ്തുത പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകൾ കോളേജുകൾക്ക് നേരിട്ട് ഓൺലൈനായോ അല്ലാതെയോ, സൗകര്യപ്രദമായ രീതിയിൽ സ്വീകരിക്കാവുന്നതാണ്. പ്രവേശനം സംബന്ധിച്ച് അതാത് കോളേജുകൾക്ക് പത്രക്കുറിപ്പുകൾ നൽകാവുന്നതാണ്.

2.പ്രവേശനത്തിനാവശ്യമായ ക്രമീകരണങ്ങൾ അതാത് പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്.

3. യു.ജി./പി.ജി പ്രവേശനത്തിന് സിംഗിൾ വിൻഡോ സിസ്റ്റത്തിൽ അനുവർത്തിക്കുന്ന അതേ രീതിയിൽ തന്നെ ഇൻഡക്സ് മാർക്ക് കണക്കാക്കി മെറിറ്റ് സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടതും പ്രവേശനം നടത്തേണ്ടതുമാണ്.

4. റാങ്ക് ലിസ്റ്റ് കോളേജിന്റെ വെബ് സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

5. പ്രസ്തുത കോഴ്സുകളിലേക്കുള്ള അഡ്മിഷൻ നടപടികളുടെ പൊതുവായ സമയക്രമം താഴെ കൊടുക്കുന്നു.

a.അപേക്ഷ സമർപ്പിക്കേണ്ടത് - 28 ഡിസംബർ 2020 മുതൽ 04 ജനുവരി 2021 വരെ

b. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കേണ്ടത് - 07 ജനുവരി 2021

c.കോളേജ് പ്രവേശനം - 2021 ജനുവരി 13, 14 തീയതികളിൽ

d.ക്ലാസ്സുകൾ ആരംഭിക്കുന്നത് - 15 ജനുവരി 2021

ഒപ്പ് /-

**ബാലചന്ദ്രൻ വി കെ**

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

പ്രിൻസിപ്പാൾമാർ(Govt./ Aided Colleges)

IT വിഭാഗം

വെബ് മാനേജർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ